# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2890

13.03.2020-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളെ തിരികെയെത്തിക്കുന്നതിനുള്ള സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് നിന്ന് ആഴക്കടൽ മത്സ്യബന്ധനത്തിന് പോയി വിവിധ കാരണങ്ങളാൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ തിരികെയെത്തിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നറിയിക്കുമോ; | (എ) | കടലിൽ മത്സ്യബന്ധനത്തിന് പോയി അപകടത്തിൽപ്പെടുകയോ, കാണാതാകുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനും കരയ്ക്കെത്തിക്കുന്നതിനും ഫിഷറീസ് വകുപ്പിന്റെ റെസ്ക്യൂ ബോട്ടുകൾ തിരച്ചിൽ നടത്താറുണ്ട്. 9 മറൈൻ ജില്ലകളിലും റെസ്ക്യൂ ബോട്ടുകൾ സജ്ജമാക്കിയിട്ടുണ്ട്. അടിയന്തിരഘട്ടങ്ങളിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡും, ഇന്ത്യൻ നേവിയും അവരുടെ അത്യാധുനിക സംവിധാനങ്ങളുള്ള ഹെലികോപ്റ്ററും, ഡോണിയർ വിമാനങ്ങളും, കപ്പലുകളും തിരച്ചിലിനും രക്ഷാപ്രവർത്തനങ്ങൾക്കുമായി ലഭ്യമാക്കാറുണ്ട്. കൂടാതെ കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനും അതിവേഗം കരയ്ക്കെത്തിക്കുന്നതിനും പ്രാഥമിക ശുശ്രൂഷ നൽകുന്നതിനും 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ചു വരുന്നു. |
| (ബി) | മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ മറ്റ് രാജ്യങ്ങളിൽ എത്തിപ്പെടുകയും അവിടെ തടവിലാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ അവരെ മോചിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ ശ്രമങ്ങൾ ഏത് വിധത്തിലൊക്കെ നടത്തുമെന്നറിയിക്കുമോ; | (ബി) | മറ്റ് രാജ്യങ്ങളിൽ തടവിലാക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിന് രാജ്യത്തെ വിദേശകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും വിദേശകാര്യ മന്ത്രാലയത്തിന്റെ ഇടപെടലിലൂടെ പരമാവധി മോചനം സാധ്യമാക്കുകയുമാണ് ചെയ്തു വരുന്നത്. മത്സ്യത്തൊഴിലാളികൾ ചെയ്യുന്ന കുറ്റകൃത്യത്തിന് ആനുപാതികമായി ബന്ധപ്പെട്ട രാജ്യത്തെ നിയമങ്ങൾക്കനുസരിച്ചുള്ള പിഴ ശിക്ഷ, തടവ് ശിക്ഷയും പലപ്പോഴും മത്സ്യത്തൊഴിലാളികൾ വിധേയരാവാറുണ്ട്. |
| (സി) | കൊറോണ രോഗഭീതിയെത്തുടർന്ന് ഇറാനിൽ കുടുങ്ങിപ്പോയ | (സി) | ഇറാനിൽ കൊറോണ വൈറസ് ബാധ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത രാജ്യത്ത് കുടുങ്ങിക്കിടക്കുന്ന മത്സ്യത്തൊഴി |

| | | | |
|---|---|---|---|
| | ഇരുപത്തിമൂന്ന് മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിനും, തിരികെ നാട്ടിലെത്തിക്കുന്നതിനും സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | | ലാളികളെ തിരികെ എത്തിക്കുന്നതിനുള്ള സഹായമഭ്യർത്ഥിച്ചുകൊണ്ട് ബഹു: മുഖ്യമന്ത്രി 01.03.2020 ന് കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് അർദ്ധ ഔദ്യോഗിക കത്തയച്ചിട്ടുണ്ട്. നോർക്ക വകുപ്പിലെ 02.03.2020 ലെ കത്ത് പ്രകാരം ഇറാനിലെ ഇന്ത്യൻ എംബസിയുടെയും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും സഹായം തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ